# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5981** **19.11.2019-ൽ മറുപടിക്ക്**

## മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.ഉബൈദുള്ള | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം നിയോജക മണ്ഡലത്തിലെ (എ) മൊറയൂർ, വാലഞ്ചേരി-എൻ.ഐ.റ്റി. (ബി) സ്കൂൾ, തടപ്പറമ്പ്, പാറക്കപ്പുറായ, & തവളപ്പാറ, പൂൽപ്പറ്റ പഞ്ചായത്തിലെ (സി) വട്ടിക്കുന്ന്, ചോലക്കാപ്പറമ്പ് കോളനി, കോഡൂർ പഞ്ചായത്തിലെ വലിയാട്, മീഞ്ചിറ എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് എം. എൽ. എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ: | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>വള്ളുവമ്പ്രം സെക്ഷനിലെ മൊറയൂർ, വാലഞ്ചേരി-എൻ.ഐ.റ്റി സ്കൂൾ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 600 മീറ്റർ 11 കെ.വി.ലൈൻ വലിക്കുന്ന പ്രവൃത്തിയും, ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും, 300 മീറ്റർ ത്രി ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 2020-21 വർഷത്തേക്കുള്ള വർക്ക് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>തടപ്പറമ്പിൽ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 800 മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും, ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും, 800 മീറ്റർ ത്രി ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും, 300 മീറ്റർ കൺവേർഷനും അടക്കമുള്ള പ്രവൃത്തികൾ 2019-20 വർഷത്തെ പി.എം.യുവിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മൊറയൂർ പഞ്ചായത്തിൽ പാറക്കപ്പുറായ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി, അരിമ്പ്ര നമ്പർ-1 ട്രാൻസ്ഫോർമർ പരിധിയിൽ വരുന്ന 1200 മീറ്റർ കൺവേർഷൻ പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.<br>കിഴിശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെട്ട നട്ടുവത്ത് കോളനിയിൽ സ്ഥാപിച്ച 100 കെ.വി.എ ട്രാൻസ്ഫോർമർ, പി. ടി. സി. സി അപ്രൂവലും, ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയും കഴിഞ്ഞാൽ ഉടൻ ചാർജ്ജ് ചെയ്യുമ്പോൾ ചോലക്കപ്പറമ്പ് കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ ത്രീ ഫേസ് ലൈൻ കൺവേർഷനും പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ: വിശദാംശം നൽകുമോ; | |
| (സി) ഈ പ്രദേശങ്ങളിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | |

കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെട്ട തവളപ്പാറ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി 2020-21 വർഷത്തെ പി.എം.എസ്.യുവിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പുൽപ്പറ്റ പഞ്ചായത്ത് വട്ടിക്കുന്ന് പ്രദേശത്ത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി DDUGJY (SAGY) സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിച്ച 100 കെ.വി.എ മൂച്ചിക്കാട് ട്രാൻസ്ഫോർമർ 2019 ഒക്ടോബർ മാസത്തിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

ചട്ടിപ്പറമ്പ് സെക്ഷനിലെ കോഡൂർ പഞ്ചായത്തിലെ വലിയാട് - കല്ലൻചിറ ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 400 മീറ്റർ കൺവേർഷൻ പ്രവൃത്തി 2019-20 വർഷത്തെ വർക്കിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ